ശ്രീ. കെ. പി. പ്രഭാകരൻ : പണമായി കൊടുക്കുമോ എന്ന ചോദ്യത്തിന് മറുപടി പറഞ്ഞില്ല. 1-4-1985 മുതലുള്ള കുടിശ്ശിക എത്രയാണെന്നും അത് ഒരുക്കം പണമായിട്ടാണോ കൊടുക്കുന്നത് എന്നുമാണ് ചോദിച്ചത്.

ശ്രീ. കെ. എം. മാണി : പണമായിട്ട് തന്നെയാണ് കൊടുക്കുന്നത്. സുപ്രീം കോടതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കാർക്ക് കുറെ തുക കൊടുക്കാനുണ്ടായിരുന്നത് നാഷണൽ സേവിങ്സിൽ ഇടുന്നതിന് തീരുമാനിച്ചു. പിന്നെ അത് റദ്ദു ചെയ്തുകൊണ്ട് 70 വയസ്സിനു മുകളിലുള്ളവർക്ക് ഈ വർഷം തുക ഒരുക്കമായി കൊടുക്കാനും മറ്റുള്ളവർക്ക് 3 തവണയായി കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഈ പുതിയ ആനുകൂല്യം എങ്ങനെ കൊടുക്കണമെന്നാണ് ചോദിച്ചത്.

ശ്രീ. കെ. എം. മാണി : പുതിയ ആനുകൂല്യം പണമായിട്ട് കൊടുക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : മുൻപ് കൊടുക്കാനുണ്ടായിരുന്ന പെൻഷൻ കുടിശ്ശിക 70 വയസ്സിനു മുകളിലുള്ളവർക്ക് ഒന്നിച്ച് കൊടുക്കാനാണ് ഗവൺമെന്റ് ഓർഡർ എന്നു പറയുന്നു. എന്നാൽ ഇന്നും 70 വയസ്സിനു മുകളിലുള്ള പെൻഷൻകാർ ട്രഷറിയിൽ ചെന്നാൽ ഓർഡർ കിട്ടിയിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് കുടിശ്ശിക കൊടുക്കാതിരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റിന് അറിയാമോ ?

ശ്രീ. കെ. എം. മാണി : അങ്ങനെ എന്തെങ്കിലും പ്രത്യേക കേസ്സുകളുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിക്കാം.

ഹിൽ ഹൈവേ

* 26. [29] ശ്രീ. തച്ചടി പ്രഭാകരൻ :
,, കെ. കെ. തോമസ് :
,, പി. പി. തങ്കച്ചൻ :
,, ടി. എച്ച്. മുസ്തഫ :
,, കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഹൈവേ സ്കീം അംഗീകരിച്ച് നടപ്പാക്കണമെന്ന നിയമസഭ പാസ്സാക്കിയ പ്രമേയത്തിൻമേൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഹിൽ ഹൈവേ പദ്ധതി സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് പ്രത്യേകമായി നിവേദനം വല്ലതും നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ) :

(എ) വിശദമായ പരിശോധനയിൽ ഹിൽഹൈവേ പദ്ധതി അപ്രായോഗികമാണെന്നും മേൽനടപടി ആവശ്യമില്ലെന്നുമാണ് സർക്കാർ എടുത്തിട്ടുള്ള തീരുമാനം; ഇക്കാര്യത്തിൽ വിശദമായ മറുപടി നിയമസഭാ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി, ഡി) ചോദ്യം ഉദിക്കുന്നില്ല

ശ്രീ. തച്ചടി പ്രഭാകരൻ : സർ, നിയമസഭ പാസ്സാക്കിയതനുസരിച്ച് ഹിൽ ഹൈവേയെക്കുറിച്ച് വല്ല പ്രോജക്ടുകളും തയാറാക്കിയിട്ടുണ്ടോ? ഏതു ഭാഗത്തുകൂടി ഹിൽ ഹൈവേ പോകുമെന്നതിനെക്കുറിച്ച് വല്ല പരിശോധനയും നടത്തിയിട്ടുണ്ടോ ?

ശ്രീ. കെ. അവുക്കാദർ കുട്ടി നഹ : സർ, ഹിൽ ഹൈവേ ഒന്നായ നിലയ്ക്ക് അപ്രായോഗികമാണ്. ഏകദേശം 500 കോടി രൂപ ഇതിനായി ചെലവുവരും. 145 കിലോമീറ്റർ റോഡ് ഫോറസ്റ്റ് ഏരിയായിൽക്കൂടി പോകേണ്ടി വരും. അതുകൊണ്ട് ഇത് അപ്രായോഗികമാണെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹിൽ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം ലിങ്ക് റോഡുണ്ടാക്കാനുള്ള തീരുമാനമാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. അതിനെ സംബന്ധിച്ച് 'നാറ്റ്പാക്കി'ന്റെ ഒരു റിപ്പോർട്ടു കിട്ടി. വിശദമായ പഠനം നടത്തുവാൻ അവരെ ഏൽപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ വർഷത്തെ ബഡ്ജറ്റിൽ അതിനാവശ്യമായപണം ഇല്ലാത്തതുകൊണ്ട് അടുത്ത വർഷത്തെ ബഡ്ജറ്റിൽ അതിനാവശ്യമായ തുക ഉൾക്കൊള്ളിച്ചുകൊണ്ട് 'നാറ്റ്പാക്ക്' വിശദമായ പഠനം നടത്തിയ ശേഷം ഹൈവേ ഏരിയായെ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുകളുടെ ഒരു നിരതന്നെ ഉണ്ടാക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ഇപ്പോൾ ഗവൺമെന്റ് മുന്നോട്ടുപോകുവാൻ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ഹിൽ ഹൈവേയെന്ന ആശയം തന്നെ ഈ നിയമസഭ പാസ്സാക്കിയത് കേന്ദ്രഗവൺമെന്റിന്റെ സഹായം കാര്യമായി ലഭ്യമാക്കണമെന്നുള്ളതുകൊണ്ടാണ്. ലിങ്ക് റോഡുണ്ടാക്കിക്കഴിഞ്ഞാൽ നമ്മുടെ സംസ്ഥാന ബഡ്ജറ്റിന്റെ പരിധിയിൽ വച്ചല്ലാതെ കേന്ദ്രഗവൺമെന്റ് സഹായം കിട്ടാൻ സാദ്ധ്യതയുണ്ടോ? കേന്ദ്രഗവൺമെന്റിന്റെ സഹായത്തിൽ ഏതെങ്കിലും ലിങ്ക് റോഡ് ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ഹിൽ ഹൈവേയ്ക്ക് കേന്ദ്രസഹായം കിട്ടുകയില്ലെന്നു മാത്രമല്ല ഹിൽ ഹൈവേയ്ക്കുള്ള അനുമതി പോലും കിട്ടുകയില്ലെന്നാണ് ഗവൺമെന്റ് മനസ്സിലാക്കിയിട്ടുള്ളത്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അത് മനസ്സിലാക്കിയതുകൊണ്ടാണ് ലിങ്ക് റോഡുകൾക്കുള്ള പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കി അതിന് വേണ്ട സഹായങ്ങൾ ലഭ്യമാക്കാമോയെന്ന് പരിശോധിക്കണമെന്ന തീരുമാനമെടുത്തിട്ടുള്ളത്.

ശ്രീ. കെ. കെ. തോമസ് : സർ, ഹിൽ ഹൈവേ അപ്രായോഗികമാണെന്ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. 1978-ൽ ഹിൽ ഹൈവേയെ സംബന്ധിച്ച് ഒരു സർവ്വേ നടത്തിയിട്ടുണ്ട്. ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏതെല്ലാം പ്രധാനപ്പെട്ട ഫോറസ്റ്റുകൾക്കാണ് നഷ്ടം സംഭവിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : കണ്ണൂർ ജില്ലയിലെ നെട്ട മുതൽ തിരുവനന്തപുരം ബോർഡർ അതായത് പെരള വരെ ഉള്ള ഏരിയായിലാണ് സർവ്വേ നടത്തിയത്. അന്ന് 105 കോടി രൂപയായിരുന്നു അതിന്റെ എസ്റ്റിമേറ്റ്. ഇന്ന് 500 കോടിയിൽപ്പരം ഉറുപ്പിക വേണ്ടിവരുമെന്നാണ് കണക്ക്. അതിനു പുറമെ അന്ന് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് ഉണ്ടായിരുന്നില്ല. അന്ന് ഫോറസ്റ്റ് ലാൻഡ് ലഭ്യമാക്കുവാൻ വളരെ എളുപ്പമായിരുന്നു. പിന്നീട് ഇൻഡ്യാ ഗവൺമെൻറ് കൊണ്ടുവന്ന നിയമം മൂലം ഫോറസ്റ്റ് ലാൻഡ് അവയിലബിളാക്കാൻ വളരെ പ്രയാസമാണ്. അതനുവദിക്കുകയില്ലെന്നുള്ള സ്ഥിതിയാണ് ഇന്നുള്ളത്.

ശ്രീ. കെ. കെ. തോമസ് : സർ, മലയോര പ്രദേശങ്ങളിലെ സാമൂഹ്യവും സാമ്പത്തികവുമായ വികസനം ലക്ഷ്യമാക്കിക്കൊണ്ടാണ് ഹിൽ ഹൈവേ ആരംഭിക്കണമെന്ന മുൻതീരുമാനമുണ്ടായത്. പണമില്ലെന്ന കാരണം പറഞ്ഞു. അതുപോലെതന്നെ ഫോറസ്റ്റ് നശിക്കുമെന്നും പറഞ്ഞു. മലയോര പ്രദേശങ്ങളെ അവഗണിക്കുന്ന നയമുപേക്ഷിച്ച് ഗവൺമെൻറ് അടിയന്തിരമായി ഹിൽ ഹൈവേ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : സർ, അതിന് സാദ്ധ്യമല്ല. 500 കോടി ഉറുപ്പിക നമ്മുടെ സംസ്ഥാനത്തുള്ള എല്ലാ പദ്ധതികൾക്കും കൂടി ചെലവഴിക്കുവാൻ ഇല്ലാത്ത സന്ദർഭത്തിൽ ഹിൽ ഹൈവേയ്ക്കു മാത്രം 500 കോടി രൂപ ചെലവാക്കുന്നത് പ്രായോഗികമല്ലെന്നുള്ളതുകൊണ്ടാണ് താൽക്കാലികമായി അത് മാറ്റിവച്ചിട്ടുള്ളത്.

ശ്രീ. ടി. എച്ച്. മുസ്തഫ : സർ, ലിങ്ക് റോഡ് ഉണ്ടാക്കുമെന്ന് പറഞ്ഞല്ലോ അതുണ്ടാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഹിൽ ഏരിയായിൽ താമസിക്കുന്ന ആളുകൾക്ക് സഞ്ചാര സൗകര്യം വേണമല്ലോ. മറേത് അപ്രായോഗികമാണെങ്കിൽ ലിങ്ക് റോഡുണ്ടാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : അതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നാറ്റ്പാക്കിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടു. അവർ ഒരു പ്രാഥമായ റിപ്പോർട്ട് നൽകി. പിന്നീട് വിശദമായ റിപ്പോർട്ട് നൽകാൻ പത്തു ലക്ഷം ഉറുപ്പികയും പതിനഞ്ചു മാസത്തെ അവധിയും വേണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ തുക അടുത്ത ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചുകൊണ്ട് അതിന് അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : സർ, ഹിൽ ഹൈവേയ്ക്കു പകരം ലിങ്ക് റോഡുകൾക്ക് എത്രകോടി ഉറുപ്പിക ചെലവുവരുമെന്നാണ് ഗവൺമെൻറ് കണക്കാക്കിയിട്ടുള്ളത്? ലിങ്ക് റോഡ് വരുമ്പോൾ എത്ര റോഡുകൾ വരുന്നെന്ന കാര്യം വ്യക്തമാക്കാമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : അത് പരിശോധിക്കുവാൻ ഒരു ഏജൻസിയെ ഏൽപ്പിക്കുന്നതിനു മുമ്പ് എത്ര രൂപ ചെലവുവരുമെന്ന് പറയാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ : സർ, നമ്മുടെ സംസ്ഥാനത്തെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെയുള്ള മലയോര പ്രദേശങ്ങൾക്കു വേണ്ടിയുള്ള ഹിൽ ഹൈവേയ്ക്ക് ഏതെങ്കിലും വിദേശ സാമ്പത്തിക സഹായം കിട്ടുന്നതിനുള്ള ശ്രമം ഗവൺമെൻറ് നടത്തിയിട്ടുണ്ടോ? വേൾഡ് ബാങ്ക് പോലെയുള്ള സ്ഥാപനങ്ങളെ സമീപിക്കുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ഏതു സ്ഥാപനങ്ങളെ സമീപിക്കണമെന്ന് "നാറ്റ്പാക്ക്" റിപ്പോർട്ട് കിട്ടിയശേഷം മാത്രമേ തീരുമാനിക്കുകയുള്ളൂ.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : സർ, വയനാട്ടിലേക്കുള്ള ഇന്നത്തെ വഴി പലപ്പോഴും അടഞ്ഞുപോകുന്നുവെന്നുള്ളതുകൊണ്ട് അത് ദീർഘകാലം നിലനിൽക്കുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവമ്പാടിയിൽക്കൂടി പോകുന്ന അന്തർസംസ്ഥാന റോഡിനെ സംബന്ധിച്ച് ഒരു സ്കെച്ചും പ്ലാനും ഇപ്പോഴും നിലവിലുണ്ട്. ഇത്തരം റോഡുകളും പുതിയ ലിങ്ക് റോഡുകളും ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ഇതെല്ലാം ആ സമയത്ത് ആലോചിക്കാം. വയനാട്ടിലേക്ക് ഇപ്പോഴും പുതിയ അന്തർസംസ്ഥാന റോഡുകളും വേറെയുണ്ടാക്കിയിട്ടുണ്ട്. പക്രന്തളം-കുറ്റ്യാടി റോഡിനെക്കുറിച്ച് നമുക്കറിയാം. മറ്റൊരു റോഡുകൂടി ഉണ്ടാക്കാനുള്ള ആലോചനയുണ്ട്.

ശ്രീ. ഇ. കെ. നായനാർ : സർ, ഇത് 1978-ലും 1980-ലും ഒക്കെത്തന്നെ ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇപ്പോഴും വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ 500 കോടി രൂപയേ പറയുന്നുള്ളൂ. ഇന്നത്തെ രൂപയുടെ വിലയനുസരിച്ച് അത് വലിയ സംഖ്യയൊന്നുമല്ല. ഒരുറുപ്പികയ്ക്ക് 15 നയാപ്പൈസയേ വിലയുള്ളൂ. കേന്ദ്രഗവൺമെൻറ് തരുന്നില്ലെന്നു പറഞ്ഞ് മന്ത്രി ഇപ്പോഴും കൈമലർത്തുകയാണ്. ഇങ്ങനെ കൈമലർത്താൻ മന്ത്രി വേണോ? ഈ രാജ്യത്തെ ഗവൺമെൻറും ജനങ്ങളും കൂടി യോജിച്ച് 500 കോടി രൂപയുടെ സ്കീം ഉണ്ടാക്കിയാൽ ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ കിട്ടും, യാത്ര സുഗമവുമാകും. ഭരണകക്ഷിയടക്കം എല്ലാവരും യോജിച്ച് സമ്മർദ്ദം ചെലുത്തണം. ഈ നാറ്റ്പാക്ക് റിപ്പോർട്ടിനെപ്പറ്റി നമുക്കൊക്കെയറിയാം. അത് നിങ്ങളുടെ മരണംവരെ കിട്ടാൻ പോകുന്നില്ല. നമ്മൾ യോജിച്ചുകൊണ്ട് ആവശ്യപ്പെടണം 500 കോടി രൂപ കേന്ദ്രം തരണമെന്ന്. അതിന് മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : സർ, തൊഴിൽപ്രശ്നം മാത്രമാണെങ്കിൽ ഈ ഹിൽഹൈവേതന്നെ വേണമെന്നില്ല; ലിങ്ക് റോഡായാലും ധാരാളം തൊഴിലുണ്ടാകും.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, കടുത്ത മുറവിളിയുമായി ഇപ്പോൾ ഹിൽഹൈവേയിൽ ശ്രദ്ധിക്കുകയാണ്. മുഖ്യമന്ത്രിയുടെ നിയോജക മണ്ഡലമായ മാളയും ധനകാര്യമന്ത്രിയുടെ മണ്ഡലമായ പാലായും തമ്മിൽ ബന്ധിപ്പിക്കുന്നത് സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനും ഗുണകരമാണെന്ന് കണ്ട്, ഒരുപക്ഷെ ലിങ്ക് റോഡിന് വലിയ എമൗണ്ട് ഇൻവെസ്റ്റ് ചെയ്യേണ്ടിവരുമെങ്കിൽപ്പോലും ഇതിന് പ്രത്യേകമായ പരിഗണന വല്ലതും ചെയ്ത് പ്രവർത്തിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ഇതിനെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും നാറ്റ്പാക്ക് റിപ്പോർട്ടിലുണ്ടാകും.

വൈദ്യുതിയുടെ യൂണിറ്റ് വില വർദ്ധനവ്

* 27. [30] ശ്രീ. എ. കെ. ശശീന്ദ്രൻ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, കെ. സി. ജോസഫ് :
,, എം. വി. രാഘവൻ :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതിയുടെ യൂണിറ്റ് വില വർദ്ധിപ്പിച്ചുകൊണ്ട് തീരുമാനമെടുത്തിട്ടുണ്ട് ;

(ബി) 1-4-1986 മുതൽ വൈദ്യുതി നിരക്കുകളും സ്ലാബ് സമ്പ്രദായങ്ങളും പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ :

(സി) ഉണ്ടെങ്കിൽ വിശദവിവരം പറയാമോ ;

(ഡി) ഇതുമൂലം ഒരുവർഷത്തിൽ ബോർഡിനുണ്ടാകുന്ന വരുമാനം എത്രയായിരിക്കും ;

(ഇ) ഇന്നു നിലവിലുള്ള സ്ലാബ് സമ്പ്രദായപ്രകാരം വൈദ്യുതി ബോർഡിന് എത്ര രൂപ കൂടുതൽ വരുമാനം ഉണ്ടായിട്ടുണ്ട് ;

(എഫ്) ഈ സ്ലാബ് സമ്പ്രദായം എന്നുമുതലാണ് നടപ്പിലാക്കിയത് ;

(ജി) ഈ സ്ലാബ് സമ്പ്രദായം നടപ്പിലാക്കിയതുമൂലം വന്ന അപാകതകളെക്കുറിച്ചുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) സ്ലാബ് സമ്പ്രദായംമൂലം ഉപയോഗിക്കാത്ത വൈദ്യുതിക്ക് പണം അടയ്ക്കേണ്ട സ്ഥിതി ഉണ്ടെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ അതു പരിഹരിക്കുവാൻ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഒരു പ്രാവശ്യം (1982 സെപ്റ്റംബറിൽ).

(ബി, സി, ഡി) ഇലക്ട്രിസിറ്റി സപ്ലൈ നിയമത്തിന് 1983 ൽ പാർലമെന്റ് വരുത്തിയ ഭേദഗതിയനുസരിച്ച് ബോർഡിനു 1985-86 മുതൽ മുതൽമുടക്കിന്റെ മുന്നു ശതമാനമെങ്കിലും മിച്ചം ഉണ്ടാക്കേണ്ടതുണ്ട്. ഇക്കാര്യത്താൽ ഒരു താരിഫ് പരിഷ്കരണം ആവശ്യമാണെന്ന് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബോർഡിന്റെ ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ വിശദമായ പരിശോധനയിലാണ്. തീരുമാനമൊന്നും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly